# പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡ്

രജി.ഓഫീസ് - കോട്ടയം - 686004

## ഇ -ടെണ്ടർ വ്യവസ്ഥകൾ

പ്ലാന്റേഷൻ കോർപ്പറേഷൻ വക വെറ്റിലപ്പാറ, ടി.എസ്.ആർ. ഫാക്ടറിയിലെ ഗ്യാസിഫയറിന് വേണ്ടി 2019-20 വർഷത്തേക്ക് ഉദ്ദേശം **250 M.T** ഉണങ്ങിയ തെങ്ങിൻചിരട്ടകൾ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി വെറ്റിലപ്പാറ, ടിഎസ്ആർ ഫാക്ടറിയിൽ എത്തിച്ചു നൽകുന്നതിനുള്ള ഇ-ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

**വ്യവസ്ഥകൾ**

1) ഇ-ടെണ്ടറിൽ ഉദ്ദേശം **250 M.T** ചിരട്ടകൾ വെറ്റിലപ്പാറ, ടി.എസ്.ആർ ഫാക്ടറിയിൽ എത്തിച്ചു ഇറക്കി നൽകുന്നതിനുള്ള ഏറ്റവും കുറഞ്ഞ തുകയാണ് രേഖപ്പെടുത്തേണ്ടത്. കരാറിന്റെ കാലാവധി ആവശ്യമെങ്കിൽ എഗ്രിമെന്റിന്റെ തീയതി മുതൽ ഒരു വർഷം വരെ നീട്ടുവാൻ കോർപ്പറേഷന് അധികാരമുണ്ടായിരിക്കും.
2) ഒരു വർഷക്കാലയളവിലേക്ക് ആവശ്യമുള്ള ചിരട്ടയുടെ ഏകദേശ അളവാണ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്നതിനാൽ കോർപ്പറേഷനിൽ ആവശ്യമുള്ളയത്രയും ചിരട്ടകളുടെ അളവ് പർച്ചേസ് ഓർഡറിൽ പ്രതിപാദിക്കുന്നതും ആയത് പ്രകാരം കരാറുകാരൻ പർച്ചേസ് ഓർഡറിൽ നിജപ്പെടുത്തിയിരിക്കുന്ന അതേ നിരക്കിൽ തന്നെ സ്വന്തം ചിലവിൽ എത്തിച്ചു ഇറക്കി നൽകേണ്ടതുമാണ്.
3) ഒരു മെട്രിക് ടൺ ചിരട്ടകൾ സ്വന്തം ചിലവിൽ നിയമാനുസൃതമായ എല്ലാ നികുതികളും കയറ്റിയിറക്കു കൂലിയും ട്രാൻസ്പോർട്ടിംഗ് ചാർജ്ജുകളും അടക്കം ഫാക്ടറിയിൽ എത്തിച്ചു നൽകുന്നതിനുള്ള തുകയാണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്. പിന്നീടുള്ള നിരക്ക് വർദ്ധനവുകളും ഇ-ടെണ്ടർ വ്യവസ്ഥകൾക്ക് പുറമേ കരാറുകാരൻ കൂട്ടിച്ചേർക്കുന്ന വ്യവസ്ഥകളും യാതൊരു കാരണവശാലും കോർപ്പറേഷൻ അംഗീകരിക്കുന്നതല്ല.
4) കോർപ്പറേഷൻ ഇ-ടെണ്ടർ കണ്ടീഷനിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രകാരം ചിരട്ടകളുടെ (ഉണങ്ങിയ) ഗുണനിലവാരവും നിബന്ധനകളും പ്രകാരമുള്ള ചിരട്ടകൾ ആയിരിക്കണം നൽകേണ്ടത്.
5) വിതരണം ചെയ്യേണ്ട ചിരട്ടകളുടെ തൂക്കം ഗുണനിലവാരവും ജലാംശവും അടിസ്ഥാനമാക്കി വ്യത്യാസപ്പെടുത്താൻ കോർപ്പറേഷന് അധികാരമുണ്ടായിരിയ്ക്കും.
6) നനവുള്ള തെങ്ങിൻചിരട്ട വിതരണം ചെയ്യുവാൻ പാടുള്ളതല്ല. എന്നാൽ വിതരണം ചെയ്യുന്ന ചിരട്ടയിൽ നനവുണ്ടെന്നു കാണുന്നപക്ഷം 30%-മോ അതിലധികമോ തൂക്കത്തിൽ നിന്നുംകുറവ് വരുത്തുന്നതിനോ നിരാകരിക്കുന്നതിനോ കോർപ്പറേഷന് അധികാര മുണ്ടായിരിയ്ക്കുന്നതാണ്.
7) പർച്ചേസ് ഓർഡറിൽ പറഞ്ഞിരിക്കുന്ന കാലാവധിക്കുള്ളിൽ/ ഫാക്ടറിയിൽ നിന്ന് നൽകുന്ന ഷെഡ്യൂൾ അനുസരിച്ച് കരാറുകാരൻ ചിരട്ടകൾ സ്വന്തം ചിലവിലും, ഉത്തരവാദിത്വത്തിലും വെറ്റിലപ്പാറ എസ്റ്റേറ്റിലെ ടിഎസ്ആർ ഫാക്ടറിയിൽ എത്തിച്ചു നൽകേണ്ടതാണ്. കരാറിൽ പറഞ്ഞിരിയ്ക്കുന്നതനുസരിച്ച് ഗുണനിലവാരമുള്ള ചിരട്ടകൾ വിതരണം ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം ആയതിന് ഓരോ 7 ദിവസത്തിനും വിതരണം ചെയ്യാനുള്ള ചിരട്ടകളുടെ ആകെ വിലയുടെ അര ശതമാനം എന്ന നിരക്കിൽ പിഴ തുക സഹിതം പരമാവധി ഒരു മാസംവരെയുള്ള സമയം വരെയും ഈടാക്കാവുന്നതും 7 ദിവസത്തിൽ കുറവുള്ള ദിവസങ്ങൾക്ക് മേൽപ്പറഞ്ഞതിന് ആനുപാതികമായി പിഴ ഈടാക്കുന്നതുമാണ്. അതിന് ശേഷവും യഥാസമയം ചിരട്ടകൾ എത്തിച്ചു നൽകുന്നതിൽ വീഴ്ചവരുത്തുന്നു എങ്കിൽ ടി കരാർ റദ്ദാക്കുന്നതും, സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടി മുതൽ കൂട്ടുന്നതിനും കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്.
8) കരാറുകാരൻ കരാർ പ്രകാരം യഥാസമയം ചിരട്ടകൾ നൽകാതിരിക്കുകയോ കരാർ കാലാവധിക്ക് മുമ്പായി കരാറിൽ നിന്നും പിൻവാങ്ങുകയോ ചെയ്താൽ കരാർ റദ്ദു

ചെയ്യുന്നതും സെക്യൂരിറ്റി ഡിപ്പോസിറ്റ് കണ്ടുകെട്ടുന്നതുമായിരിക്കും. കോർപ്പറേഷന് ആവശ്യമായ ചിരട്ടകൾ പൂർണ്ണമായോ ഭാഗികമായോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നും കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ലഭ്യമാക്കുന്നതും ആയത് മൂലം ഉണ്ടാകാവുന്നതായ എല്ലാ ചെലവുകൾക്കും നഷ്ടങ്ങൾക്കും കരാറുകാരൻ പൂർണ്ണമായും ഉത്തരവാദിയായിരിക്കുന്നതുമാണ്. അപ്രകാരമുണ്ടാ കാവുന്നതായ എല്ലാവിധ ചെലവുകളും നഷ്ടവും കരാറുകാര നിൽ നിന്നും ഈടാക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്ന തുമാണ്. കൂടാതെ കരാറുകാരന്റെ നിരതദ്രവ്യം / സെക്യൂരിറ്റി ഡിപ്പോസിറ്റ് എന്നിവ സഹിതം എല്ലാ തുകയും കണ്ടുകെട്ടി കോർപ്പറേഷനിലേയ്ക്ക് മുതൽ കൂട്ടുന്നതുമായിരിക്കും.

9) ഏതൊരു ടെണ്ടറും യാതൊരു കാരണവും കാണിക്കാതെ സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം പ്ലാന്റേഷൻ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതും ആയതിനെ ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

10) ഇ-ടെണ്ടർ വ്യവസ്ഥകൾ സംബന്ധമായി എന്തെങ്കിലും സംശയങ്ങളോ തർക്കങ്ങളോ ഉണ്ടായാൽ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതും ആയത് ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

11) കരാറുകാരൻ ടെണ്ടർ വ്യവസ്ഥകൾ പാലിക്കാതിരിക്കുകയോ ലംഘിക്കുകയോ, ടെണ്ടർ സ്ഥിരീകരണ ഉത്തരവ് കൈപ്പറ്റി സമയ പരിധിക്കുള്ളിൽ ചിരട്ടകൾ ലഭ്യമാക്കാതി രിക്കുകയോ ചെയ്താൽ കരാർ റദ്ദുചെയ്യുന്നതും, കോർപ്പറേ ഷനിൽ കരാറുകാരൻ അടച്ചിരിക്കുന്ന ഇ.എം.ഡി / സെക്യൂരിറ്റി ഡിപ്പോസിറ്റ് മുതലായ തുകകൾ കണ്ടുകെട്ടുന്നതും തുടർന്ന് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ടെണ്ടർ നടത്തുന്നതുമായിരിക്കും. ടെണ്ടർ വഴി കോർപ്പറേഷന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതും ചെലവുകൾ സഹിതം കോൺട്രാക്ടറിൽ നിന്നും ഈടാക്കുന്നതിന് കോർപ്പറേഷന് അധികാര മുണ്ടായിരിക്കുന്നതുമാണ്.

12) ഇ-ടെണ്ടർ സംബന്ധിച്ച് എന്തെങ്കിലും തർക്കങ്ങൾ ഉൽഭവിക്കുകയാണെങ്കിൽ ആയതിന്റെ നിയമ നടപടികൾക്കുള്ള പരിധി കോട്ടയത്തുള്ള കോടതികളിൽ ആയിരിക്കും.

13) കരാറുകാരനിൽ നിന്നോ ടിയാന്റെ ഏജന്റ്, തൊഴിലാളികൾ മുതലായവരിൽ നിന്നോ കോർപ്പറേഷന് എന്തെങ്കിലും നാശനഷ്ടങ്ങൾ സംഭവിക്കുക യാണെങ്കിൽ ആയതിന്റെ നഷ്ടപരിഹാരം കോർപ്പറേഷൻ നിശ്ചയിക്കുന്നതും ആയതു കരാറുകാരനിൽ നിന്ന് ഈടാക്കുന്നതുമായിരിക്കും.

14) ചിരട്ടകൾ കോർപ്പറേഷനിൽ നൽകുന്നതിനുള്ള കരാർ ഒന്നോ അതിൽ കൂടുതലോ കരാറുകാർക്ക് നൽകുന്നതിനുള്ള വിവേചന അധികാരം കോർപ്പറേഷനിൽ പൂർണ്ണമായി നിക്ഷിപ്തമായിരിക്കുന്നതാണ്.

15) ഇ-ടെണ്ടർ അംഗീകരിച്ചു കൊണ്ട് കരാറുകാരന് അറിയിപ്പ് നൽകുന്നതും 7 ദിവസങ്ങൾക്കകം കരാറുകാരൻ 500/- രൂപ മുദ്രപത്രത്തിൽ ഇതിലേയ്ക്കായി കോർപ്പറേഷനുമായി ഒരു കരാളിൽഏർപ്പെടേണ്ടതും കരാറിന്റെ മൊത്തം തുകയുടെ 5% വരുന്ന തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി കെട്ടിവെയ്ക്കേണ്ടതാണ്.

16) കരാറുകാരൻ ഈ കരാർ പ്രകാരമുള്ള പ്രവർത്തികൾ മറ്റാർക്കെങ്കിലും കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്.

17) കരാറുകാരന് ലഭിക്കേണ്ട എല്ലാ തുകകളും ചെക്കായി നൽകുന്നതാണ്, എന്നാൽ കരാറുകാരൻ ആവശ്യപ്പെട്ടാൽ നൽകാനുള്ള തുക **R.T.G.S.** ആയി സർവ്വീസ് ചാർജ്ജ് ഈടാക്കിക്കൊണ്ട് നൽകുന്നതാണ്. ഈ കരാറുമായി ബന്ധപ്പെട്ട് മുൻകൂർ പണം നൽകുന്നതല്ല. ഫാക്ടറിയിൽ ലഭ്യമാക്കുന്ന ചിരട്ടകളുടെ ഗുണ നിലവാരം ബോദ്ധ്യപ്പെട്ട് ഫാക്ടറി വെയ്ബ്രിഡ്ജിലെ തൂക്കപ്രകാരം ഫാക്ടറി ഉദ്യോഗസ്ഥരുടെ തൃപ്തികരമായ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പേയ്മെന്റ് നൽകുന്നതുമാണ്. കരാറുകാരൻ ഒറിജിനൽ ഇൻവോയ്സ് ഫാക്ടറിയിലും ഒരു കോപ്പി ഹെഡ്ഡോഫിസിലേയ്ക്കും നൽകേണ്ടതാണ്. കൂടാതെ ഇൻവോയ്സിൽ, താഴെ പറയുന്ന സർട്ടിഫിക്കറ്റും ചേർക്കേണ്ടതാണ്.

"Certified that the goods in which Goods & Service Tax has been charged have not been exempted under the Goods & Service Tax Act or the State Sales Tax Act or the Rules made there under and the charges on account of Goods & Service Tax on these goods are correct under the provisions of the relevant Act or the Rules made there under. Certified further that we…………………………………………………………………………… …. ………………………………… ……………………………(address) are registered as dealers in the State of ………………………………………. Under Registration No……………………………………………………………………… for the purpose".

18) E.M.D ആയി ടെണ്ടറിൽ രേഖപ്പെടുത്തുന്ന ആകെത്തുകയുടെ 1% ഡിമാന്റ് ഡ്രാഫ്റ്റായി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡ് എന്നപേരിൽ കോട്ടയത്ത് മാറത്തക്ക വിധത്തിൽ എല്ലാ പേജുകളിലും ഒപ്പിട്ട് ടെണ്ടർ കണ്ടീഷനോടൊപ്പം 04.06.2019 തീയതി **2 P.M.** ന് മുമ്പായി സമർപ്പിക്കേണ്ടതാണ്.

19) നിരക്ക് അംഗീകരിക്കാത്ത കരാറുകാരുടെ E.M.D കരാറിന്മേൽ തീരുമാനമെടുത്ത് 30 ദിവസത്തങ്ങൾക്കകം തിരികെ നൽകുന്നതാണ്.

20) കരാറുകാരന്റെ സെക്യൂരിറ്റി തുക കരാർ കാലാവധി കഴിഞ്ഞ് 60 ദിവസങ്ങൾക്കകം പലിശ രഹിതമായി തിരികെ നൽകുന്നതാണ്.

21) E.M.D / സെക്യൂരിറ്റി തുകയ്ക്ക് പലിശ നൽകുന്നതല്ല.

22) കാരണം കൂടാതെ കരാർ മാറ്റി വയ്ക്കുന്നതിനോ ക്യാൻസൽ ചെയ്യുന്നതിനോ ഉള്ള പൂർണ്ണ അധികാരം കോർപ്പറേഷനിൽ നിക്ഷിപ്തമായിരിക്കും. ഇത്തരം സന്ദർഭങ്ങളിൽ കരാറുകാരന് നഷ്ട പരിഹാരം ലഭിക്കുന്നതിന് യാതൊരുവിധ അവകാശവും ഉണ്ടായി രിക്കുന്നതല്ല.

23) ഇ-ടെണ്ടർ ഫോമിന് **5,670/-രൂപ** (നികുതികൾ ഉൾപ്പെടെ) ഇ-ടെണ്ടർ പോർട്ടിലായ **etenders.kerala.gov.in** മുഖേന അടയ്ക്കേണ്ടതാണ്. അല്ലാതുള്ള ടെണ്ടറുകൾക്ക് അംഗീകാരം ഉണ്ടായിരിക്കുന്നതല്ല.

24) ഇ-ടെണ്ടർ പോർട്ടലായ **etenders.kerala.gov.in** മുഖേന ടെണ്ടറുകൾ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം **03.07.2019, 4 P.M.** ആണ്. 05.07.2019-ന് 11.00 **A.M.** ന് ടെണ്ടറുകൾ തുറക്കുന്നതുമാണ്.

തീയതി : 24.06.2019 **മാനേജിംഗ് ഡയറക്ടർ**